"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

**KSHB ശാന്തി നഗർ, തിരുവനന്തപുരം-1.**

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ജീവനക്കാര്യം- ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ.എ.എ(റ്റി)/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക യിലേയ്ക്കുള്ള സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. സർക്കാർ ഉത്തരവ് നം.(പി) 408/71/പി.ഡി/തീയതി, 29.11.1971.
2. 31.01.2014 ലെ ഇതേ നമ്പർ ഉത്തരവ്.
3. ജോയിന്റ് ഡയറക്ടറുടെ 19.04.2013 ലെ എ2/12779/12 നമ്പരായി പ്രസിദ്ധീകരിച്ച സീനിയർ ഇൻസ്ട്രക്ടർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
4. 03.02.2014 ലെ ഇതേ നമ്പർ ഉത്തരവ്.

---------------

**ഉത്തരവ് നമ്പർ: എ6/30535/2013 തീയതി: 31.10.2014**

വകുപ്പിൻ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ റിട്ടയർ ചെയ്തത് മുഖേനയും ധനുവച്ചപുരം ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ശ്രീ.ഡേവിഡ്സൺ അന്തരിച്ചതു മുഖേനയും 04 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഐ.ടി.ഐ ധനുവച്ചപുരം | 01 |
| 2 | ഐ.ടി.ഐ ദേശമംഗലം | 01 |
| 3 | ഐ.ടി.ഐ മാള | 01 |
| 4 | ഐ.ടി.ഐ പുല്ലൂർ | 01 |
| | ആകെ | 04 |

ഈ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നൽകേണ്ടതുണ്ട്.

വകുപ്പിൽ ഏറ്റവും അവസാനം ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ പ്രകാരം സ്ഥാനക്കയറ്റം നൽകിയത് ഡിപ്ലോമ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനാണ്. ഇതിന്റെ തുടർച്ചയായി മേൽപറഞ്ഞിട്ടുള്ള 04 ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി സൂചന (3) ആയി പ്രസിദ്ധീകരിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാരുടെ അന്തിമഗ്രേഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സീനിയർ ഇൻസ്ട്രക്ടർമാർക്ക് ജി.ഒ (പി) 408/പി.ഡി തീയതി, 29.11.1971 ആയി പ്രസിദ്ധീകരിച്ച കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 3(1) പ്രകാരവും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958, പാർട്ട് രണ്ടിലെ പൊതുചട്ടം 28(ബി)(1) പ്രകാരവും 16980–31360 എന്ന ശമ്പളസ്കെയിലിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ ജെ.എ.എ.(റ്റി)/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ടിയാളുകളുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു. ശ്രീ.എസ്.ആർ.സജീവ് ഇപ്പോൾ ട്രെയിനിംഗ് പാസ്സായ സാഹചര്യത്തിൽ ഡിഗ്രി ക്വാട്ടയിൽ ടിയാനെ ഒന്നാമതായി സ്ഥാനക്കയറ്റം നൽകുന്നു. സൂചന (4) പ്രകാരം റിവർട്ട് ചെയ്തിട്ടുള്ള ശ്രീ.സന്തോഷ്കുമാർ.കെ.-യെ അടുത്ത ഡിഗ്രി ക്വാട്ടയിൽ പരിഗണിക്കുന്നതാണ്.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പേര് | സ്ഥലംമാറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 515 | ശ്രീ.എസ്.ആർ.സജീവ്, ഐ.ടി.ഐ. ഏറ്റുമാനൂർ | ഐ.ടി.ഐ മാള |
| 2 | 396 | ശ്രീ.രാജൻ ചെട്ടിയാർ, ഐ.ടി.ഐ. കൊല്ലം | ഐ.ടി.ഐ ദേശമംഗലം |
| 3 | 399 | ശ്രീമതി.ബി.അരവിന്ദകുമാരി, ഐ.ടി.ഐ.(വ) കഴക്കൂട്ടം | ഐ.ടി.ഐ ധനുവച്ചപുരം |
| 4 | 401 | ശ്രീ.കെ.ശശിധരൻ, ഐ.ടി.ഐ. കണ്ണൂർ | ഐ.ടി.ഐ പുല്ലൂർ |

സീനിയോരിറ്റി ക്രമനമ്പർ 395 ശ്രീ. പി.എ.സെബാസ്റ്റ്യൻ 04/2005-ൽ സ്പെഷ്യൽ പി.ഒ.റ്റി മാത്രം പാസ്സായിട്ടുള്ളതും തുടർന്നുള്ള

ട്രെയിനിംഗിൽ പങ്കെടുക്കാത്തതുമായ ഉദ്യോഗസ്ഥനാണെന്ന് ട്രെയിനിംഗ് സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാനെ ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാൻ നിർവ്വാഹമില്ല. O.A No.2238/13 ഉത്തരവ് പ്രകാരം ശ്രീമതി.ബി. അരവിന്ദകുമാരിയ്ക്ക് എ2/37372/14 നമ്പരായ 12.08.2014 തീയതിയിലെ ഉത്തരവിന് വിധേയമായി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ അർഹമായ സ്ഥാനം ക്രമീകരിക്കുകയും അതിനനുസരിച്ചുള്ള സ്ഥാനക്കയറ്റം ടി ഉത്തരവിനു വിധേയമായിത്തന്നെ നൽകേണ്ടതുമുണ്ട്. സീനിയർ ഇൻസ്ട്രക്ടറുടെയും ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെയും സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടിയാൾക്ക് അർഹമായ സ്ഥാനം ക്രമീകരിച്ച് നൽകുന്നതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ എത്രയും വേഗം അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിയ്ക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ജി.ഒ (പി) നം.145/2006/ഫിൻ തീയതി 25.03.2006 പ്രകാരം സേവനത്തിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:-1. പ്രിൻസിപ്പാൾ ഗവൺമെന്റ് ഐ.ടി.ഐ മാള/ധനുവച്ചപുരം/ദേശമംഗലം/പുല്ലൂർ
2. വകുപ്പ് വെബ് സൈറ്റ്
3. എഡിറ്റി/ജെഡിറ്റി (സിഎ)
4. എ6 സെക്ഷൻ (കരുതൽ ഫയൽ)

R/31/10/14